**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**<u>പോലീസ് സേനയിൽ എസ്.ഐ. നിയമനം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2083** **5/12/2018-ൽ മറുപടിക്ക്**

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.സി.മമ്മൂട്ടി** **പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ ആകെ എത്ര പോലീസ് സ്റ്റേഷനുകളുണ്ടെന്നും അവ ഏതെല്ലാം വിഭാഗത്തിലുള്ളവയാണെന്നും ഓരോ പോലീസ് സ്റ്റേഷനുകളിലുമായി ആകെ എത്ര എസ്.ഐ.മാർ ജോലി നോക്കി വരുന്നുവെന്നും അറിയിക്കുമോ ; | (എ) | കേരളത്തിൽ ആകെ 479 ലോക്കൽ പോലീസ് സ്റ്റേഷനുകളുണ്ട്. ഇവ കൂടാതെ റെയിൽവേ പോലീസ് സ്റ്റേഷൻ-13, വനിതാ പോലീസ് സ്റ്റേഷൻ-10, സൈബർ ക്രൈം പോലീസ് സ്റ്റേഷൻ-1, ക്രൈംബ്രാഞ്ച് സി.ഐ.ഡി പോലീസ് സ്റ്റേഷൻ-01, കോസ്റ്റൽ പോലീസ് സ്റ്റേഷൻ-18 എന്നിവ കൂടി നിലവിലുണ്ട്. പന്തീരങ്കാവ്, ഉടുമ്പഞ്ചോല, മട്ടന്നൂർ എയർപ്പോർട്ട്, ഇലവുംതിട്ട എന്നിവിടങ്ങളിലായി പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുന്നതിന്റെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഉദ്ഘാടനം താമസംവിന നടക്കുന്നതാണ്. എല്ലാ ജില്ലകളിലുമായി 938 സബ് ഇൻസ്പെക്ടർ (കെ.സി.പി. കേഡർ) ജോലി നോക്കി വരുന്നു. |
| (ബി) | ഇതിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നിയമിക്കപ്പെട്ട എസ്.ഐ.മാരുടെ എണ്ണം എത്രയാണ്; പുതുതായി പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച് ട്രെയിനിംഗ് പൂർത്തിയാക്കിയവർ എത്രയാണ്; എത്രപേർ നിലവിലുള്ള പോലീസ് സേനയിൽ നിന്ന് സ്ഥാനക്കയറ്റത്തിലൂടെ നിയമിക്കപ്പെട്ടു ; | (ബി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എസ്.ഐ.മാർക്കു പുറമേ നേരിട്ടും പ്രമോഷൻ മുഖേനയും നിയമിച്ച 141 എസ്.ഐ. ട്രെയിനികൾക്കും, 30 വനിതാ എസ്.ഐ. ട്രെയിനികൾക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 141 എസ്.ഐ. ട്രെയിനികളിൽ 113 പേരും, 30 വനിതാ എസ്.ഐ. ട്രെയിനികളിൽ 19 പേരും ഇപ്പോൾ കേരളാ പോലീസ് അക്കാദമിയിൽ ട്രെയിനിങ്ങിലാണ്. എ.എസ്.ഐ.മാരിൽ നിന്നും ആർക്കും തന്നെ എസ്.ഐ.മാരായി സ്ഥാനകയറ്റം നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കേരളത്തിലുള്ള പോലീസ് സ്റ്റേഷനുകളിലും ക്യാമ്പുകളിലുമുൾപ്പെടെ ആകെ എത്ര എസ്.ഐ.മാരുടെ അനുവദിക്കപ്പെട്ട പോസ്റ്റ് നിലവിലുണ്ട്; ഇതിൽ കൂടുതൽ എസ്.ഐ.മാരെ നിലവിൽ നിയമിച്ചിട്ടുണ്ടോ ; | (സി) | കേരള പോലീസ് സേനയിലെ കെ.സി.പി. കേഡറിലെ (സായുധ സേന വിഭാഗം ഒഴികെ ) എസ്.ഐ.മാരുടെ അംഗബലം 2232 ആണ്. ഇതിൽ കൂടുതൽ എസ്.ഐ.മാരെ നിയമിച്ചിട്ടില്ല. |
| (ഡി) | പോലീസ് സംഘടനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ഒഴിവുകൾ പരിഗണിക്കാതെ എസ്.ഐ.മാരെ നിയമിച്ചതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നടപടിയിലൂടെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരണം നൽകുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ